# വേറിട്ട ചിന്തകൾ

പി.കെ. ബാലകൃഷ്ണൻ

●

# വേറിട്ട ചിന്തകൾ

പി.കെ. ബാലകൃഷ്ണൻ

•

പ്രതീക്ഷ ബുക്സ്
കോഴിക്കോട്

•

VERITTA CHINTHAKAL

*Collected Works(Malayalam)*

P.K. BALAKRISHNAN

Publishers:

**PRATHEEKSHA BOOKS**

P.O. Merikkunnu, Kozhikode- 673 012, Kerala State, India

E-mail :pratheekshabooks@gmail.com

First Edition : May 2011

Cover : Nasar Eramagalam

Layout: Shafeeque. C.P

Type Setting : IPH. D.T.P

Printers: Printarts Offset, Feroke

Rights with the Author

VEC Sub 08, PB NO 606/2000

**Price ` : 100.00**

**Distribution**

•

I.P.H. Fourland Building, Rajaji Road, Kozhikode -673 004, E-mail : iphcalicut@gmail.com

I.P.H, Islamic Centre, Market lane, Palayam, Thiruvananthapuram - 695 034

I.P.H, Madeena Masjid Complex, Padma Jn. Pullepady, Eranakulam - 682 035

I.P.H, I.P.H. Tower, P.O. Road, Thrissur -680 001

I.P.H, Kohinoor Arcade, Opp. Noor Masjid, Kannur -670 001

I.P.H, Masjid Building, Kunnummal, Malappuram -676 505

I.P.H, M.P. Road, Kozhikode - 673 001

## പി.കെ. ബാലകൃഷ്ണൻ

•

ചരിത്രഗവേഷകനും പത്രപ്രവർത്തകനും എഴുത്തുകാരനും. എറണാകുളം ജില്ലയിലെ എടവനക്കാട് ഗ്രാമത്തിൽ 1926–ൽ ജനിച്ചു. കേശവൻ ആശാൻ അച്ഛൻ. അമ്മ മാണിയമ്മ. സ്കൂൾ വിദ്യാഭ്യാസം എടവനക്കാടും ചെറായിലുമായിരുന്നു. സ്റ്റേറ്റിൽ ഒന്നാം സ്ഥാനത്തിനുള്ള സ്വർണ്ണമെഡലും നേടി എസ്.എസ്.എൽ.സി. ജയിച്ചു. എറണാകുളം മഹാരാജാസ് കോളേജിൽ ചേർന്ന് ഒരു വർഷം കഴിഞ്ഞപ്പോൾ 'ക്വിറ്റ് ഇന്ത്യാ' സമരത്തിൽ പങ്കാളിയായി. തടവുകാരനായി കുറെക്കാലം ജയിൽവാസം. കൊച്ചി രാജ്യത്തിലെ കോൺഗ്രസ് ഘടകമായ പ്രജാമണ്ഡലത്തിലും, അതിൽനിന്നു ഭിന്നിച്ചുണ്ടായ കേരള സോഷ്യലിസ്റ്റ് പാർട്ടിയിലും മുഴുവൻ സമയപ്രവർത്തകനായി ഏതാനും വർഷം കഴിച്ചു. താൻ രാഷ്ട്രീയത്തിനും രാഷ്ട്രീയം തനിക്കും ചേരുന്നതല്ലെന്നും ബോധമുണ്ടായതിനാൽ സജീവരാഷ്ട്രീയം നിശേഷം മതിയാക്കി എറണാകുളത്തു പുസ്തകക്കട തുടങ്ങി. വൈക്കം മുഹമ്മദ് ബഷീറിന്റെ പങ്കുകാരനായും തനിച്ചും ആറേഴുകൊല്ലം പുസ്തകവ്യാപാരം നടത്തി. കോഴിക്കോട്ടുനിന്നും പ്രസിദ്ധീകരിച്ചിരുന്ന *ദിനപ്രഭ* എന്ന ദിനപത്രത്തിന്റെ പത്രാധിപത്യം ഏറ്റെടുക്കാൻ കച്ചവടം മതിയാക്കി. ഒരു കൊല്ലമായപ്പോഴേക്കും അഭിപ്രായവ്യത്യാസം മൂലം അവിടം വിടേണ്ടിവന്നു. 1960–ൽ തിരുവനന്തപുരത്തെ *കേരളകൗമുദി*യുടെ പത്രാധിപസമിതിയിൽ ചേർന്നു.

1977-ൽ അനഭിമതൻ എന്ന നിലയിൽ പുറത്താക്കപ്പെട്ടു. ഒരു ഹ്രസ്വകാലയളവിൽ കോട്ടയത്തെ *കേരളഭൂഷണ*ത്തിൽ പത്രാധിപരായി സേവനമനുഷ്ഠിച്ചു. കോഴിക്കോട്ടുനിന്നും *മാധ്യമം* ദിനപത്രം ആരംഭിച്ചപ്പോൾ പ്രഥമ ചീഫ് എഡിറ്ററായി. മരണം ഏപ്രിൽ മൂന്ന് 1991.

*ചന്തുമേനോൻ- ഒരു പഠനം* (നിരൂപണം)(1957), *ടിപ്പു സുൽത്താൻ* (ചരിത്രം)(1959) എന്നിവയാണ് ആദ്യകാല കൃതികൾ. 1960-ൽ തിരുവനന്തപുരവാസിയായതിനുശേഷം യഥാക്രമം പ്രസിദ്ധീകൃതമായവയാണ് *പ്ലൂട്ടോ പ്രിയപ്പെട്ട പ്ലൂട്ടോ* (നോവൽ) (1963), *നോവൽ -സിദ്ധിയും സാധനയും* (നിരൂപണം)(1965), *കാവ്യകല-കുമാരനാശാനിലൂടെ* (നിരൂപണം)(1970), *ഇനി ഞാൻ ഉറങ്ങട്ടെ* (നോവൽ) (1973), *മായാത്ത സന്ധ്യകൾ* (നിരൂപണം) (1978), *എഴുത്തച്ഛന്റെ കല* (നിരൂപണം)(1982), *ജാതിവ്യവസ്ഥിതിയും കേരളചരിത്രവും* (ചരിത്രം) (1983) *നിദ്രാ സഞ്ചാരങ്ങൾ* (നിരൂപണം) (1989) എന്നിവ. ഭാര്യ: ഭാഗീരഥി, മക്കൾ: ഹരികേഷ്, ഹരികൃഷ്ണൻ, ജയലക്ഷ്മി.

### അവതാരിക

## പ്രക്ഷോഭകാരിയുടെ ജ്വാല

എം.കെ.സാനു

●

**പൊ**തുജീവിതത്തിൽ പ്രത്യക്ഷപ്പെടുന്നവരുടെ യോഗ്യത നിർണയിക്കുന്നതിന് മാനദണ്ഡമായി സ്വീകരിക്കേണ്ടത് പ്രശസ്തിയാണോ? ആണെന്ന് നേരേ പറയാൻ മുതിരുന്നവർ ചുരുക്കമായിരിക്കും. നേടിയെടുക്കുന്ന സ്ഥാനമാനങ്ങളും പദവികളുമാണോ? അവയാണ് മാനദണ്ഡമെന്ന് ആലോചനാശേഷിയുള്ളവരാരും പറയുകയില്ല. എങ്കിലും, നാട്ടുനടപ്പനുസരിച്ച് നാമെല്ലാവരും പൊതുവിൽ പ്രശസ്തിയെയും പദവിയെയും മറ്റുമാണ് യോഗ്യതയുടെ മാനദണ്ഡമായി നിത്യജീവിതത്തിൽ സ്വീകരിച്ചുപോരുന്നത്. ആലോചനയൊന്നും കൂടാതെ, ഒരു ശീലമെന്ന നിലക്ക്, ആ രീതി നാം അവലംബിച്ചു തുടർന്നു പോരുന്നു.

സാഹിത്യത്തിൽ ഏതൊരാൾക്കും ഒരു രൂപത്തിലേ സംഭാവന നൽകാനുള്ളൂ; ഗ്രന്ഥങ്ങളുടെ രൂപത്തിൽ (അഥവാ, 'സൃഷ്ടി'കളുടെ രൂപത്തിൽ). കവിത, നോവൽ, നാടകം, ജീവിതചരിത്രം, വിമർശം എന്നിങ്ങനെ വിഭിന്ന ശാഖകളിൽ അവ പ്രകാശിതമാകുന്നു. ഏതു ശാഖയിലുള്ളതായാലും ഗ്രന്ഥത്തിന്റെ മൂല്യം നിർണയിക്കുന്നത് അതിലലിഞ്ഞു ചേർന്ന് പ്രകാശിക്കുന്ന സർഗാത്മക ചൈതന്യത്തിന്റെ അടിസ്ഥാനത്തിലാണ്. അത് തിരിച്ചറിയാൻ എല്ലാവർക്കും കഴിയണമെന്നില്ല. ആറാമിന്ദ്രിയം അതിനാവശ്യമാണ്. എങ്കിലും, ഏകദേശരൂപത്തിൽ അത് തിരിച്ചറിയാൻ ആസ്വാദകർക്ക് പൊതുവിൽ കഴിയുന്നുണ്ടെന്ന വാസ്തവം നിഷേധിക്കാനാവുകയില്ല. പക്ഷേ, അവാർഡ്

നിർണയത്തിൽ ആസ്വാദകലോകത്തിന് പങ്കില്ല. ജഡ്ജിങ് കമ്മിറ്റിയിലെ മൂന്നോ നാലോ പേർ മാത്രം ചേർന്നാണ് അത് നിശ്ചയിക്കുക. അവരുടെ വ്യക്തിനിഷ്ഠമായ പക്ഷപാതവും സ്പർധയും ആ നിശ്ചയത്തിൽ ആധിപത്യം ചെലുത്തുന്നു. സാഹിത്യബാഹ്യമായ കേന്ദ്രങ്ങളുടെ (ഭരണാധികാരം, മാധ്യമങ്ങൾ തുടങ്ങിയവ) സ്വാധീനത്തിന് അവർ വിധേയരുമാണ്. ഇതുപോലുള്ള പല കാരണങ്ങളാലും എഴുത്തുകാരന്റെ യോഗ്യതയെന്തെന്ന് നിശ്ചയിക്കുന്നതിന് അയാൾക്ക് ലഭിച്ച അവാർഡുകളെ ആധാരമാക്കുന്നതിനർഥമില്ല. അയാൾ നൽകിയ സംഭാവനകൾ മാത്രമേ പരിഗണിക്കേണ്ടതുള്ളൂ.

ഇപ്രകാരമൊരു സമീപനം സ്വീകരിച്ചുപോരുന്നതുകൊണ്ടായിരിക്കാം, പി.കെ. ബാലകൃഷ്ണൻ സാഹിത്യലോകത്തിന് നൽകിയ സംഭാവനകളുടെ അന്യാദൃശമായ വൈശിഷ്ട്യത്താൽ ഞാൻ ആകൃഷ്ടനായത്. പദവികൾക്കുവേണ്ടി അദ്ദേഹം ഒരിക്കലും പരിശ്രമിച്ചില്ല. പ്രശസ്തി സംഘടിപ്പിച്ചെടുത്തില്ല (പ്രശസ്തി സംഘടിപ്പിക്കുന്നതിനാവശ്യമായ കലാവിദ്യകളെന്തെന്ന് പത്രപ്രവർത്തകനായ അദ്ദേഹം നേരിട്ടറിഞ്ഞിരുന്നു.) സ്ഥാനമാനങ്ങളാഗ്രഹിച്ചില്ല. അദ്ദേഹത്തിന്റെ സ്വഭാവഘടനയിൽ ഇത്തരം ആഗ്രഹത്തിനോ പരിശ്രമങ്ങൾക്കോ സ്ഥാനമുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ *ഇനി ഞാൻ ഉറങ്ങട്ടെ* എന്ന നോവലിന് വയലാർ അവാർഡ് ലഭിച്ചുവെന്നത് മറക്കുന്നില്ല. ആ അവാർഡ് നിശ്ചയിക്കുന്നതിൽ ആസ്വാദകരായ വായനക്കാർക്ക് ഒരളവോളം പങ്കുണ്ടെന്നുള്ളത് അതിന്റെ പിന്നിലെ കാരണങ്ങളിലൊന്നാണ്. സി. അച്യുതമേനോൻ, ശൂരനാട്ട് കുഞ്ഞൻപിള്ള, പ്രഫ. എൻ. കൃഷ്ണപിള്ള എന്നിവർ ജഡ്ജിങ് കമ്മിറ്റിയിൽ ഉണ്ടായിരുന്നുവെന്നത് രണ്ടാമത്തെ കാരണം. സുപരീക്ഷിതമായ സ്വഭാവദാർഢ്യത്തിന്റെ ഉടമകളായിരുന്നല്ലോ അവർ. അങ്ങനെ ഒരവാർഡ് കിട്ടിയെങ്കിലും അതത്ര വലിയ കാര്യമായി അദ്ദേഹം എടുത്തില്ല. ബുദ്ധിമുട്ടുകൾക്കിടയിൽ അവാർഡ് തുക അൽപമെങ്കിലും ഉപകരിച്ചല്ലോ എന്ന് സന്തോഷിക്കുക മാത്രം ചെയ്തു.

സ്വന്തം കൃതികളുടെ മൂല്യം വായനക്കാരറിഞ്ഞ് ആദരിക്കുന്നതിന്റെ ലക്ഷണമായും ആ അവാർഡ് ലബ്ധിയെ അദ്ദേഹം കണ്ടിരുന്നു. അതൊരു അഭിമാനമായെടുത്തിരുന്നു. വയലാർ അവാർഡ് നിർണയിക്കുന്നതിന് സ്വീകരിച്ചുപോന്ന രീതി മികച്ച



താണെന്ന് അദ്ദേഹം മനസ്സിലാക്കിയിരുന്നു. സി. അച്യുതമേനോൻ നൽകിയ നേതൃത്വത്തിന്റെ ഗുണമാണതെന്ന അഭിപ്രായം സ്വകാര്യസംഭാഷണങ്ങളിൽ അദ്ദേഹം പ്രകടിപ്പിച്ചിരുന്നു.

വാർത്തകളിൽ പ്രത്യക്ഷപ്പെടാൻ നമ്മുടെ സാഹിത്യനായകന്മാർ കാണിക്കുന്ന വ്യഗ്രത ബാലകൃഷ്ണൻ നേരിട്ടുകണ്ടിരുന്നു. പരിഹാസം കലർന്ന അവജ്ഞയോടെയാണ് അതിനെ കണ്ടത്. ഒറ്റയാനെന്നും തന്റേടിയെന്നും തീവ്രവിപ്ലവകാരിയെന്നും സാംസ്കാരിക നായകനെന്നും മറ്റും ഭാവിച്ചുനടക്കുന്ന കേമന്മാർ മാധ്യമകേന്ദ്രങ്ങളിലും അധികാരകേന്ദ്രങ്ങളിലും അഭയാർഥികളായെത്തി പാദസേവ ചെയ്യുന്നത് കാണുമ്പോൾ അതിൽ പരിഹാസ്യമായെന്തെങ്കിലുമുണ്ടെന്ന് സാധാരണക്കാരായ നമുക്ക് തോന്നണമെന്നില്ല (എന്തെല്ലാം വേഷംകെട്ടിയാലാണ് ഈ സമൂഹത്തിൽ ഓരോന്ന് സമ്പാദിക്കാൻ കഴിയുക!). പക്ഷേ, പി.കെ. ബാലകൃഷ്ണൻ വ്യത്യസ്തനായ വ്യക്തിയാണ്. സാധാരണക്കാരനായി ജീവിക്കുമ്പോൾ അദ്ദേഹത്തിന്റെ ആത്മാവിൽ പ്രക്ഷോഭകാരിയുടെ ജ്വാലയാണ് എരിഞ്ഞിരുന്നത്. സഹജാതരിലേവരിലും മാനുഷികമായ അന്തസ്സിന്റെ ശോഭയുണ്ടെന്നറിയുന്നവനാണ് പ്രക്ഷോഭകാരി. വിദ്യാലയങ്ങളിൽനിന്ന് നേടുന്നതല്ല ആ അറിവ്. അത് സ്വഭാവഘടനയുടെ ഭാഗമാണ്. ആവിഷ്കൃതമാവുന്നത് പല രീതികളിലാണെങ്കിലും അതെപ്പോഴും ആത്മാഭിമാനമെന്ന മൂല്യത്തിലധിഷ്ഠിതമായ വീക്ഷണത്താൽ നിയന്ത്രിതമായിരിക്കും. ആത്മാഭിമാനത്തിൽ ആഘാതമേൽപിക്കുന്ന ഏത് സംഭവവും അയാളെ പ്രക്ഷുബ്ധനാക്കുന്നു.

കാലക്ഷേപത്തിനുവേണ്ടി മാത്രമല്ല, സ്ഥാനമാനാദികൾക്കുവേണ്ടിയും ആത്മാഭിമാനം അടിയറവെക്കാൻ സദാ സന്നദ്ധരായി കഴിഞ്ഞുകൂടുന്നവരെക്കൊണ്ട് നിറഞ്ഞ ഏതു സമൂഹത്തിലും ഏകാകിയായി ജീവിക്കാൻ വിധിക്കപ്പെട്ടവനാണ് പ്രക്ഷോഭകാരി. സ്വന്തം കരുത്തുമാത്രമേ അയാൾക്കാലംബമായുള്ളൂ. ഇബ്സന്റെ കഥാപാത്രമായ ഡോക്ടർ സ്റ്റോക്മാനെപ്പോലെ "ഏറ്റവും ഏകാകിയായി നിൽക്കുന്നവനാണ് ലോകത്തിൽ ഏറ്റവും കരുത്തനായ മനുഷ്യൻ" എന്ന് ആത്മഗതമായെങ്കിലും പറയാതെ, അയാൾക്ക് ജീവിതം തുടരാനാവുകയില്ല.

പക്ഷേ, പി.കെ. ബാലകൃഷ്ണൻ രാഷ്ട്രീയ പ്രവർത്തകനായല്ലേ ജീവിതമാരംഭിച്ചത്? അതെ, സ്കോളർഷിപ്പോടുകൂടി ഇന്റർ

മീഡിയറ്റിന് പഠിക്കുമ്പോൾ ദേശീയ സ്വാതന്ത്ര്യസമരത്തിൽ സജീവമായി പങ്കെടുത്തു. അറസ്റ്റ് ചെയ്യപ്പെട്ട് ജയിലിൽ കിടന്നു. ബുദ്ധിമുട്ടുകളനുഭവിച്ചപ്പോഴും സ്വാതന്ത്ര്യ സമര പെൻഷൻ സ്വീകരിക്കുകയില്ലെന്ന നിശ്ചയത്തിൽ ഉറച്ചുനിന്നു. തന്നോടൊപ്പം ജയിലിലുണ്ടായിരുന്നവർ മന്ത്രിമാരും മുഖ്യ മന്ത്രിമാരും കേന്ദ്രമന്ത്രിമാരുമായി. സഹായത്തിനുവേണ്ടി അവരെ സമീപിച്ചില്ല. സ്വന്തം കഴിവുകളും പ്രയത്നശേഷി യുംകൊണ്ട് ജീവിക്കുമെന്ന ഇച്ഛാശക്തിയിൽ ഉറച്ചുനിന്നു. അസാമാന്യമായ ബുദ്ധിശക്തിയും ഊർജസ്വലമായ ചിന്താ ശീലവും സർഗാത്മകമായി ഉണർത്തി പ്രവർത്തിപ്പിക്കുകയും ഗ്രന്ഥങ്ങൾ രചിക്കുകയും ചെയ്തു. സർഗാത്മകതയുടെ ദീപ്തി യുള്ള ഗ്രന്ഥങ്ങൾ. സ്വന്തം ഗ്രന്ഥങ്ങളുടെ ആന്തരികമൂല്യ ങ്ങൾക്കാണ്, പരസ്യങ്ങൾക്കല്ല, പി.കെ. ബാലകൃഷ്ണൻ വില കൽപിച്ചത്. അതുകൊണ്ട്, വാർത്തകളിൽ സ്ഥാനംപിടി ക്കാനോ സ്വന്തം പേര് പ്രചരിപ്പിക്കാനോ തുനിഞ്ഞില്ല. എഴു ത്തുകാർ പൊതുവിൽ പ്രശസ്തി സംഘടിപ്പിക്കാനുള്ള 'തറ വേല'കളിൽ മുഴുകിയിരിക്കുന്നത് കണ്ടിട്ടും ആ ഏർപ്പാടുകളെ അവജ്ഞയോടെ വീക്ഷിച്ച വിചാരനിർഭരമായ സ്വന്തം മന സ്സിന് ആവിഷ്കരണം നൽകാനുള്ള പരിശ്രമങ്ങളിൽ ഒതുങ്ങി നിന്നു. മനുഷ്യനെന്ന നിലയിൽ ആത്മാഭിമാനം പുലർത്തി ജീവിക്കുന്നതിലാണ് അന്തസ്സെന്ന വിശ്വാസത്തോടെ ജീവിച്ചു. ആ വിശ്വാസത്തിന്റെ ബലത്തിൽ പി.കെ. ബാലകൃഷ്ണൻ എപ്പോഴും പി.കെ. ബാലകൃഷ്ണനായി ജീവിതം തുടർന്നു- വിട്ടുവീഴ്ചയില്ലാതെ.

വിലയുള്ള സംഭാവനകൾ മറ്റാരെക്കാളുമധികമായി മലയാള ത്തിന് നൽകിയ എഴുത്തുകാരനെന്നനിലയിൽ പി.കെ. ബാല കൃഷ്ണന് ഭാവിതലമുറകളുടെ വീക്ഷണത്തിൽ സ്ഥാനം ലഭി ക്കുമെന്നകാര്യം ഉറപ്പാണ്. അദ്ദേഹത്തെ മനസ്സിലാക്കാനും അദ്ദേഹത്തിന്റെ ആശയലോകത്തിലേക്ക് പ്രവേശിക്കാനും അവർക്കുപകരിക്കണമെന്ന ഉദ്ദേശ്യത്തോടെയാണ് ഈ *വേറിട്ട ചിന്തകൾ* പ്രതീക്ഷ ബുക്സ് വായനാലോകത്തിന് സമ്മാനി ക്കുന്നതെന്ന് ഞാൻ വിചാരിക്കുന്നു.

# അകം


ഇന്ത്യ: ഗാന്ധിജി മുതൽ അംബേദ്കർ വരെ ..... 15
കൊള്ളക്കാരായ വെള്ളക്കാരും സ്വതന്ത്ര ഭാരതവും മറ്റും ..... 32
ഗാന്ധിജിയും കാബിനറ്റ് മിഷൻ പ്ലാനും ഇന്ത്യാ വിഭജനവും ..... 38
രാക്ഷസൻ, രാഷ്ട്ര ശിൽപം ആദിയായവയെപ്പറ്റി ..... 47
അംബേദ്കറും ഇന്ത്യയുടെ ഭരണ സംവിധാനവും ..... 55
ഇന്ത്യയുടെ മഹായാനം ..... 61
ഭാരത ഭൂമിയുടെ അക്രമരഹിത(വി) ക്രമങ്ങൾക്ക് ഒരു സ്തുതി ..... 66
ഞാൻ വർഗീയ വാദിയാണ് ..... 73
രൂപ്കൻവാറിന്റെ പേരിൽ ഒരു സ്ഥലജലഭ്രമം ..... 80
സംവരണ വിരുദ്ധ സമരത്തിനും സംവരണ സമരത്തിനും ഒരു പീഠിക ..... 92
ഇന്ത്യയുടെ ജാതി സമൂഹം ചരിത്രത്തിലൂടെ ഒരെത്തിനോട്ടം ..... 103
കുട്ടനും കോഴിമുട്ടയും ഒരു ബാല്യസ്മരണ ..... 111
ഗോർബച്ചോവിനും പെരിസ്ട്രോയിക്കക്കും ഒരു കീഴ്ക്കുറിപ്പ് ..... 119
ടിപ്പുവും ചരിത്രകാരൻമാരും ..... 126
മനുഷ്യത്വത്തിലേക്ക് തീർഥാടനം നടത്തിയ ഗുരു ..... 135
സഹോദരൻ അയ്യപ്പൻ ..... 142
ശ്രീനാരായണാദർശത്തിന്റെ പ്രതീകമായിരുന്ന സ്വാമി സത്യവ്രതൻ ..... 149